# 2025-2026 വർഷത്തെ അജപാലന ശുശ്രൂഷ വാർഷിക റിപ്പോർട്ട്

## മരിയനാട് ഇടവക

സഭ ദൈവജനമാണെന്ന സത്യത്തിൽ ഉറച്ചുനിന്നുകൊണ്ട് വിശ്വാസികളുടെ ആത്മീയ ജീവിതം ആഴത്തിൽ നയിക്കുകയും, ക്രിസ്തുവുമായുള്ള വ്യക്തിപരവും സമൂഹപരവുമായ ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ അജപാലന ശുശ്രൂഷ സമിതി ഈ വർഷവും സജീവമായി പ്രവർത്തിച്ചു. ബൈബിൾ പ്രേഷിതത്വം, ആരാധന, ദൈവശാസ്ത്രപരമായ രൂപീകരണം, ദൈവവിളി പ്രോത്സാഹനം, മതബോധന പ്രവർത്തനങ്ങൾ, സുവിശേഷവത്കരണം, സഭൈക ഐക്യം, മതസൗഹാർദ്ദ പ്രവർത്തനങ്ങൾ എന്നിവയെ ഏകോപ്പിച്ച് ഇടവകയുടെ സമഗ്രമായ ആത്മീയ വളർച്ചയ്ക്ക് ദിശാബോധം നൽകുന്നതിൽ ഈ ശുശ്രൂഷ നിർണായക പങ്കുവഹിച്ചു.

<u>ശുശ്രൂഷ ഘടന</u>

കൺവീനർ : ശ്രീമാൻ. ബിന്ദു വർഗ്ഗീസ്

സെക്രട്ടറി : ശ്രീമതി. റ്റോണ

ക്യാഷർ : സുനി

എക്സിക്യൂടീവ് അംഗങ്ങൾ

മേരിസ്റ്റെല്ല, അമ്മിണി, ആൻസി, ധന്യ, ഹെലൻ, ജോളി, ശാന്തി.

സമിതിയുടെ നേതൃത്വസംഘം പരസ്പരം ഐക്യത്തോടും ഉത്തരവാദിത്വ ബോധത്തോടും, ഭൗത്യബോധത്തോടും കൂടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പിലാക്കി. അവരുടെ സമർപ്പിത സേവനം ഇടവകയിലെ ആത്മീയജീവിതത്തെ സമ്പുഷ്ടമാക്കി.

1. <u>ആരാധന കമ്മീഷൻ</u>

ഇടവകയിലെ ആരാധനാജീവിതം കൂടുതൽ ആത്മാർത്ഥവും അർഥ പൂർണ്ണവുമായിത്തീരാൻ ആരാധന കമ്മീഷൻ ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചു. ഞായറാഴ്ചകളിലും തിരുനാളുകളിലും വിശുദ്ധ കുർബാനയും മറ്റ് ആരാധനകളും ഭക്തിപൂർവ്വവും ക്രമബദ്ധവുമായ രീതിയിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കി. വലിയ നോമ്പുക്കാലത്ത് എല്ലാ ദിവസവും ഉച്ചയ്ക്ക് 12 മണിക്ക് ദിവ്യകാരുണ്യ ആരാധനയും, കുരിശിന്റെ വഴി പ്രാർത്ഥനയും നടത്തി ഇടവകമക്കൾക്ക് ആത്മീയ ഉണർവ്വ് നൽകി. വിശുദ്ധ വാരാചരണവും, ദിവ്യകാരുണ്യ ആരാധനയും ഏറെ അർഥവത്തായിരുന്നു. നോമ്പുകാല ഒരുക്ക ധ്യാനം മാർച്ച് 20 മുതൽ 24 വരെ ഫാ. ഫ്രാൻസീസ് കർത്താനത്തിന്റെ നേതൃത്വത്തിൽ നടത്തി വിശ്വാസജീവിതത്തിന്റെ നേർക്കാഴ്ചയായി മാറി ധ്യാനം.

ജൂൺ മാസം വി. അന്തോനീസിന്റെ തിരുനാൾ മൂന്നു ദിവസം കുരിശടിയിൽ വച്ചുനടത്തി. ആഗസ്റ്റ് മാസത്തെ ഇടവക തിരുനാൾ ആത്മീയ നവീകരണത്തോടൊപ്പം കൂട്ടായ്മാനുഭവമായി മാറി. ഇടവക മധ്യസ്ഥ തിരുനാളിനു മുന്നോടിയായി

യൂണിറ്റുകളുടെ നേതൃത്വത്തിൽ മൂന്നു ദിവസത്തെ ദിവ്യകാരുണ്യ ആരാധന നടത്തി. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിറവി തിരുനാൾ സാഘോഷം ആഘോഷിച്ചു. മാർച്ച് 17,18,19 തീയതികളിൽ യൗസേപ്പിതാവിന്റെ തിരുനാൾ സാഘോഷം കൊണ്ടാടി. നേർച്ചസദ്യ ഭംഗിയായി നൽകി. ഞായറാഴ്ച കുർബാനയ്ക്ക് വരാത്തവരെ പങ്കെടുപ്പിക്കാനുള്ള പരിശ്രമം നടത്തുന്നു. കൂദാശ സ്വീകരണങ്ങൾ ഒരുക്കത്തോടെ ചെയ്യാൻ വേണ്ട പരിശീലനങ്ങൾ നൽകുന്നു.

2. <u>ബൈബിൾ പ്രേഷിതത്വ കമ്മീഷൻ</u>

ദൈവവചനത്തിന്റെ ആഴം വിശ്വാസികളുടെ ജീവിതത്തിൽ പതിപ്പിക്കു ന്നതിനായി ബൈബിൾ പ്രേഷിതത്വ കമ്മീഷൻ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. ഇടവകാംഗങ്ങളുടെ കൂട്ടായ്മയിലൂടെ ഒരു മണിക്കൂറിനുള്ളിൽ ബൈബിൾ എഴുതി പൂർത്തീകരിക്കുന്ന ആത്മീയ പരിപാടി സംഘടിപ്പിച്ചത് വലിയ ആത്മീയ ഉണർവിന് വെളിച്ചമേകി. ഇത് വിശ്വാസികളിൽ തിരുവചനത്തോടുള്ള സ്നേഹവും പങ്കാളിത്തവും വർദ്ധിപ്പിച്ചു. ലോഗോസ് ബൈബിൾ ക്വിസിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ യൂണിറ്റ് തലത്തിൽ പ്രോത്സാഹനം നൽകി നൽകി യതിനെ തുടർന്ന് കുട്ടികളുടെയും മുതിർന്നവരുടെയും പങ്കാളിത്തം കുറച്ചുകൂടി ഉറപ്പുവരുത്തി. ബൈബിൾ എഴുത്ത് പൂർത്തീകരിച്ചവരെ തിരുനാൾ ദിനത്തിൽ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്ത് ദൈവവചനത്തെ ജീവിതത്തിലേക്ക് ഉൾക്കൊള്ളാൻ പ്രചോദനമായി.

3. <u>സുവിശേഷപ്രഘോഷണ കമ്മീഷൻ</u>

സുവിശേഷ സന്ദേശം സമൂഹത്തിലേക്ക് വ്യാപിപ്പിക്കുന്നതിനായി സുവിശേഷപ്രഘോഷണ കമ്മീഷൻ സജീവമായി പ്രവർത്തിച്ചു. മിഷൻ ഞായറിനോട നുബന്ധിച്ച് ഒരു മാസം നീണ്ടുനിന്ന ബൈബിൾ പരായണ പരിപാടി സംഘടിപ്പിച്ചു. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിശ്വാസികൾക്ക് ബൈബിൾ നൽകുന്നതിനായി ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ച് ധനസമാഹരണം നടത്തി. വചന കാർഡുകൾ തയ്യാറാക്കി വിശുദ്ധ കുർബാനയിൽ പങ്കെടുത്ത വിശ്വാസികൾക്ക് വിതരണം ചെയ്തു. കൂടാതെ ബൈബിൾ എക്സിബിഷൻ സംഘടിപ്പിച്ച് സുവിശേഷത്തിന്റെ  സന്ദേശം ദൃശ്യരൂപത്തിൽ ജനങ്ങളിലേക്ക് എത്തിച്ചു. അക്രൈസ്തവർക്ക് ബൈബിൾ വിതരണം നടത്തുന്നു.

4. <u>ദൈവവിളി കമ്മീഷൻ</u>

ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ദൈവവിളി കമ്മീഷൻ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തി. മതബോധന ക്ലാസുകളിൽ ദൈവവിളി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ ഇടങ്ങളിൽ നിന്നെത്തിയ വൈദീകരും സന്യാസികളും അവരുടെ ജീവിത സാക്ഷ്യങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കി. ഇതിലൂടെ കുട്ടികളിലും, യുവജനങ്ങളിലും ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ സാധിച്ചു.

5. <u>അൽത്താര ശുശ്രൂഷകർ</u>

ബഹുമാനപ്പെട്ട സഹവികാരിയുടെയും, ജ്യോതി സിസ്റ്ററിന്റെയും നേതൃത്വത്തിൽ 36 അൽത്താര ശുശ്രൂഷകർ ഇടവകയുടെ ആരാധന ക്രമങ്ങളെ കൂടുതൽ സജീവമാക്കുന്നു. അവർക്ക് നൽകിയ പരിശീലനവും ആത്മീയ പ്രോത്സാഹനവും ഭക്തിസാന്ദ്രമായ ആത്മീയ ഉണർവ് ഇടവകയ്ക്ക് സമ്മാനിച്ചു. അൽത്താര ശുശ്രൂഷകരുടെ ആത്മാർത്ഥ പങ്കാളിത്തവും ആത്മീയ രൂപീകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി തങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥന്റെ തിരുനാൾ ആഘോഷിച്ചു. അതോടൊപ്പം തന്നെയുള്ള വിനോദയാത്ര അവരുടെ കൂട്ടായ്മയെ ബലപ്പെടുത്തുകയും ചെയ്തു.

ഇടവകയിലെ അജപാലന ശുശ്രൂഷ ഈ വർഷം ആത്മീയ സമൂഹപരമായ പ്രവർത്തനങ്ങളിലൂടെ വിശ്വാസികളുടെ വിശ്വാസജീവിതത്തെ കൂടുതൽ ആഴപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തു. സമിതിയുടെ ക്രമബദ്ധമായ പ്രവർത്തനങ്ങളും വിവിധ കമ്മീഷനുകളുടെ സമർപ്പിത സേവനവും ഇടവകയുടെ ആത്മീയ വളർച്ചയ്ക്ക് ശക്തമായ അടിത്തറയായി മാറി. പ്രത്യേകിച്ച് അൽത്താര ബാലന്മാരുടെ ആത്മാർത്ഥ പങ്കാളിത്തവും ആത്മീയ രൂപീകരണവും ഇടവകയുടെ ഭാവിക്ക് പ്രത്യാശയും അനുഗ്രഹവുമായിത്തീരുന്നു.

ക്രിസ്തുവിൽ ഒരുമിച്ച് വളരുന്ന സമൂഹം  എന്ന ദർശനം സാക്ഷാത്കരിക്കുന്നതിനായി ഈ ശുശ്രൂഷ ഭാവിയിലും കൂടുതൽ ഫലപ്രദമായി മുന്നേറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.